പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3330 — 21.12.2012-ൽ മറുപടിക്ക്

മാലിന്യനിർമ്മാർജ്ജനത്തിന് ബ്രഹ്മപുരത്ത് പുതിയ പ്ലാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | മാലിന്യ നിർമ്മാർജ്ജനത്തിന് ബ്രഹ്മപുരത്ത് പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്ലാന്റിൽ കൊച്ചി നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും സംസ്ക്കരിക്കുവാൻ സാധിക്കുമോ ; | എ) | കൊച്ചി നഗരത്തിലെ ജൈവ-അജൈവ മാലിന്യങ്ങൾ മുഴുവനും സംസ്കരിക്കാൻ കഴിയുന്നതാണ്. |
| ബി) | പ്രസ്തുത പ്ലാന്റിൽ ഉപയോഗപ്പെടുത്തുന്ന സാങ്കേതികവിദ്യയുടെ വിശദവിവരം നൽകാമോ; | ബി) | സാങ്കേതികവിദ്യയുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല. |
| സി) | ഇത്തരം പ്ലാന്റുകൾ മറ്റെവിടെയെ ങ്കിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം ; | സി) | ഇത്തരത്തിലുള്ള പ്ലാന്റുകൾ കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിലേക്ക് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| ഡി) | ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദ വിശദവിവരം നൽകാമോ ? | ഡി) | ഇതിൽ ബ്രഹ്മപുരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആധുനിക രീതിയിലുള്ള സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കുള്ള സങ്കേതികവും സാമ്പത്തികവുമായ ദർഘാസ് ലഭിച്ചിട്ടുണ്ട്. ആയത് സാങ്കേതിക സമിതി പരിശോധിച്ചു മേൽ നടപടി എടുത്തുവരുന്നു. കണ്ണൂർ, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ, എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആധുനിക സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെക്നോളജി നൽകുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ദർഘാസ് ക്ഷണിച്ച് മേൽ നടപടി സ്വീകരിച്ചുവരുന്നു. കൊല്ലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്ലാന്റിന്റെ ടെക്നോളജി ലഭ്യമാക്കുന്ന ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ദർഘാസ് വിളിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ